# ACADEMIC MASTER PLAN




# ST.RAPHAEL'S C.L.P.S.OLLUR

# PROFILE

| | |
|---|---|
| NAME OF SCHOOL | :ST.RAPHAELS C L P S OLLUR |
| DATE OF ESTABLISHMENT | :29/1/1942 |
| NAME OF VILLAGE | :OLLUR |
| NAME OF CLUSTER | :ANCHERY |
| NAME OF URC | :URC ,THRISSUR |
| NAME OF BLOCK | :CHERPU |
| NAME OF SUBDISTRICT | :THRISSUR EAST |
| NAME OF BLOCK PANCHAYATH | :CHERPU |
| NAME OF H .M | :SR.MOLLY THOMAS |
| MOBILE NO | :7559930379 |
| NAME OF SENIOR ASSISTANT | :SMT.SHINY P PAUL |
| EMAIL ID | :straphealsclps@gmail.com |
| SCHOOL CODE | :22419 |
| NAME OF TALUK | :THRISSUR |
| SCHOOL MANAGER | :SR.MARIA JOSE |
| MOBILE NUMBER | :9544016927 |
| WEBSITE | :WWW.straphaelsclps@gmail.com |

# നിലവിലുള്ള അധ്യാപകർ

| SL NO. | NAME | STD | QUALIFICATION | MOBILE NO. |
|---|---|---|---|---|
| 1 | SR.MOLLY THOMAS | H M | TTC | 7559930379 |
| 2 | Smt. SHINY.P.PAUL | II | TTC, BSC | 9495954431 |
| 3 | Smt. LINI DAVIS | IV | TTC,BED MATHS | 9446851296 |
| 4 | Smt. JERRY C.J | I | TTC, BA SOCIAL | 9745304522 |
| 5 | Smt. BETSY K.A | III | TTC,BA ECNOMICS | 9061531632 |
| 6 | Smt. DHANYA.K.DAVIES | I | TTC, | 9895086750 |
| 7 | Smt. DONA C.A | III | TTC, | 9995299823 |
| 8 | Smt. DEENA DAVIS | II | TTC,BA ENGLISH | 9400324773 |
| 9 | Smt. JOXY JOHN | I | TTC | 9072754841 |
| 10 | Smt. REKHA E P | IV | TTC | 9744110443 |
| 11 | SR. SANU C R | III | D.El.Ed | 9847401914 |
| 12 | MISS.HANNA MARGARET ANTO | IV | D.El.Ed | 7907696757 |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ അസൂത്രണം ചെയ്യു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു .അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്റ്റുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് സെൻ്റ്. റാഫേൽസ് സി എൽ പി എസ് ഒല്ലൂർ. വിദ്യാലയ മികവുകൾ പൊതുസമൂഹത്തിന്റെ മുന്നിൽ വെളിവാക്കുന്ന രീതിയിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉൾപ്പെടുത്തി വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേ ഇരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം അതിനെ കരുത്ത് പകരാൻ ഏറെ സഹായകരമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത് ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

ഹെഡ്മാസ്റ്റർ
സി. മരിയ ടോം

പി.ടി.എ പ്രസിഡണ്ട്
സിനി ജസ്റ്റിൻ

എം.പി.ടി.എ പ്രസിഡണ്ട്
വിനിഷ ജോബി

# പൊതുവിശകലനം

12 ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന ഞങ്ങളുടെ വിദ്യാലയത്തിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 12 അധ്യാപകർ സേവനം ചെയ്യുന്നു. ഏകദേശം 325 വിദ്യാർത്ഥികൾ ഇവിടെ വിദ്യ അഭ്യസിക്കുന്നു .എല്ലാ മതവിഭാഗക്കാർക്കും തുല്യ പരിഗണന നൽകി കൊണ്ടാണ് വിദ്യാലയ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഇംഗ്ലീഷ് ഭാഷ പരിപോഷണത്തിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ, ഗണിതക്രിയകൾ വേഗത്തിലും കൃത്യതയോടെയും ചെയ്യു പരിശീലിപ്പിക്കുന്നതിനായി അബാക്കസ് ക്ലാസുകൾ, നൂതന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനായി കമ്പ്യൂട്ടർ ക്ലാസുകൾ, കലാഭിരുചി പരിപോഷിപ്പിക്കുന്നതിനായി മ്യൂസിക് ക്ലാസുകൾ, ഡാൻസ് ക്ലാസുകൾ, ചിത്രരചന ക്ലാസുകൾ എന്നിവ നടത്തിവരുന്നു. വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കേണ്ടതിന് ഭൗതികവും അക്കാദമികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ഞങ്ങളുടെ വിദ്യാലയത്തിൽ നടപ്പിലാക്കി വരുന്നു

# പൊതു ലക്ഷ്യങ്ങൾ

1.സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2.എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.

3.ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.

4.വായന ഒരു സംസ്കാരമായ രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

5.ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുന്നത് വഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക.

6.വിദ്യാലയം ഒരുപാഠ പുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.

7. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക

8.ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക

9.ഹരിത പെരുമാറ്റ പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക.

10.കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുക

11'വിവിധ മേഖലകളിലുള്ളകുട്ടികളുടെ അഭിരുചി വളർത്തുന്നതിനുതകുന്ന ക്ലബ്ബുകൾ രൂപീകരിച്ച പ്രവർത്തിക്കുക
( ഇംഗ്ലീഷ് ക്ലബ്ബ് ആർട്ട് ക്ലബ്ബ് ഹെൽത്ത് ക്ലബ് ഫുഡ് ക്ലബ്ബ് )

12.ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പരിപാലനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

13. സാൻമാർഗിക മൂല്യ അധിഷ്ഠിത ജീവിതരീതി കൈവരിക്കാൻ ബോധവൽക്കരണം നടത്തുക.

വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ വിദ്യാലയ മികവിനായി ഏറ്റെടുക്കേണ്ട സാമൂഹിക പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പൊതുവാർഷിക പദ്ധതിക്ക് അനുസൃതമായി ഓരോ സ്കൂളിലും പാഠ്യപദ്ധതി വിനിമയത്തിനുള്ള വാർഷിക പദ്ധതി തയ്യാറാക്കേണ്ടത് ആവശ്യമാണ്. ഓരോ മാസവും ലക്ഷ്യമിടുന്ന പാഠഭാഗങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിനും നിർദിഷ്ടശേഷികൾ എല്ലാവരും ആർജിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനും വിലയിരുത്തൽ നടത്തുന്നതിനും ഇത്തരം പദ്ധതിയിലൂടെ സാധിക്കുന്നു. ഓരോ ക്ലാസിലും സ്കൂളിലും പൊതുവായ ലക്ഷ്യങ്ങളും അജണ്ടകളും ഉണ്ടാകണം. ഹരിത ജീവനംഎന്ന ആശയം കുട്ടികൾ സാംശീകരിച്ച് പ്രവർത്തിക്കണം. പരിസ്ഥിതി പഠനാലയം എന്ന തരത്തിലേക്ക് വിദ്യാലയത്തെ ഉയർത്തിക്കൊണ്ടുവരുവാൻ വിവിധ പ്രവർത്തനങ്ങളിലൂടെ സാധിക്കണം

കോർണർ പി. ടി. എ , അതിഥി ക്ലാസുകൾ, പ്രാദേശിക വൈദഗ്ധ്യംപ്രയോജനപ്പെടുത്തൽ, പ്രാദേശിക പഠന യാത്രകൾ , സ്ഥാപന സന്ദർശനങ്ങൾ , അച്ചടിച്ച സ്കൂൾ പത്രങ്ങൾ സാമൂഹ്യ ചർച്ചയ്ക്ക് വിധേയമാക്കൽ,നവമാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ തനതായ പ്രവർത്തനങ്ങൾ പങ്കിടൽ , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ മറ്റു ജനപ്രതിനിധികൾ ജനപ്രതിനിധികൾ എന്നിവരെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ,സമൂഹശ്രദ്ധ പിടിച്ചു പറ്റുന്ന അക്കാദമിക മൂല്യം നേടുക, സാമൂഹ്യ മൂല്യമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കാൻ സാധിക്കും.

കുട്ടികളുടെ അവകാശ പത്രിക സ്കൂളിൽ പ്രദർശിപ്പിക്കുന്നതിലൂടെയും വിവിധ ക്ലാസുകൾ ഒരുക്കുന്നതിലൂടെയും സ്ത്രീപുരുഷ സമത്വ കുറിച്ച് ശരിയായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് സഹായിക്കുന്നു. മാനവികത ബോധം വളർത്തിയെടുക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നു.ജീവിത നൈപുണി വികസിപ്പിക്കുന്നതിന് യോജിച്ച പ്രവർത്തനങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്.

ജനാധിപത്യ പരിശീലനത്തിന്റെ വേദിയായി ക്ലാസുകളെ മാറ്റണം.അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിൽ ,പ്രശ്നപരിഹാരത്തിൽ ,പുതിയ സാധ്യത അന്വേഷിക്കുന്നതിൽ കുട്ടികളോടുള്ള സമീപനത്തിൽ എല്ലാം ഇത് സാധ്യമാണ്. ക്ലാസ് സഭകളും സ്കൂൾ പാർലമെന്റും സജീവമാകണം . നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കും മുമ്പ് സ്കൂൾ പാർലമെന്റ് കൂടി ചർച്ച ചെയ്യുന്ന രീതി വികസിപ്പിക്കണം .പഠന മികവ് സ്കൂൾ പാർലമെന്റിന്റെ അജണ്ടയാക്കണം. നേതൃത്വശേഷി വികാസംലക്ഷ്യമിട്ടുള്ള ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കണം.

പഠനമികവുകളുടേയും പ്രശ്നപരിഹാര വിഭവങ്ങളുടെയും പങ്കിടൽ വേദികളാക്കി ഓരോ ക്ലാസ് പിടിഎ യോഗത്തെയും മാറ്റാൻ സാധിക്കണം. വിവിധ ഉദാഹരണങ്ങളിലൂടെയും തെളിവുകളിലൂടെയും പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന് അന്തസത്ത ഉൾക്കൊണ്ട് ക്ലാസുകൾ ഉയർന്ന തലങ്ങളിലേക്ക് പോകുന്നുണ്ടെന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.

പൂർവ്വ വിദ്യാർത്ഥി സംഘടനയിൽ നിന്നുള്ള പ്രതിനിധികൾ വിദ്യാലയ വികസന സമിതിയിൽ ഉണ്ടാകണം. വിവിധ വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ സാധ്യമായവ ഏറ്റെടുക്കുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ വിദഗ്ദ പിന്തുണ നൽകുന്നതിനും നൂതന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സ്പോൺസർമാരെ കണ്ടെത്തുന്നതിനും പൂർവ വിദ്യാർത്ഥി സംഘടന പ്രധാന പങ്കുവഹിക്കണം.സമൂഹത്തിന്റെ വിവിധ തുറകളിലുള്ള പ്രവർത്തകരായവരെ വിദ്യാലയമായി ബന്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ പ്രസക്തി ജനങ്ങളിൽ എത്തിക്കുന്നതിനും ഇത്തരം സംഘടന പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

# ലക്ഷ്യങ്ങൾ

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ പാർക്ക്
- പഠനയാത്രകൾ
- കലാകായികമേള
- ഐടി പരിശീലനം
- പച്ചക്കറിത്തോട്ടം
- ഗണിത ലാബ്
- ഗണിതാന്തരീക്ഷംഒരുക്കൽ.
- ടേംമൂല്യനിർണയം
- നിരന്തരവിലയിരുത്തലുകൾ
- ദിനാചരണങ്ങൾ
- ക്വിസ് മത്സരങ്ങൾ
- അച്ചടക്ക പരിശീലനം
- വിവിധ ക്ലബ്ബുകൾ
- സ്കോളർഷിപ്പുകൾ
- പ്രവർത്തി പരിചയ പരിശീലനം

❖ ഭിന്നശേഷി കുട്ടികളുടെ പരിപോഷണം

## ഭൗതികം

❖ ചുറ്റുമതിൽ
❖ ഗേറ്റ്
❖ കളിസ്ഥലം
❖ ചിൽഡ്രൻസ് പാർക്ക്
❖ ക്ലാസ് മുറികൾ
❖ ഓഫീസ്
❖ സ്റ്റാഫ് മുറി
❖ കമ്പ്യൂട്ടറും
❖ വിശ്രമ മുറി
❖ ലൈബ്രറി
❖ അടുക്കള
❖ ഡൈനിങ് ഹാൾ
❖ അസംബ്ലി ഹാൾ
❖ കുടിവെള്ള വിതരണം
❖ മാലിന്യ സംസ്കരണം
❖ ടോയ്ലറ്റ്
❖ അടുക്കളത്തോട്ടം
❖ ഫസ്റ്റ് എയ്ഡ്
❖ ഹെൽത്ത് ഡെസ്ക്
❖ സൗജന്യ പാഠപുസ്തക യൂണിഫോം വിതരണം
❖ ടൈംടേബിൾ

## സാമൂഹികം

- പിടിഎ ശക്തിപ്പെടുത്തൽ
- എസ് എം സി കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസന സമിതി
- പൂർവവിദ്യാർഥിനി സംഘടനയുടെ പ്രവർത്തനങ്ങൾ
- എസ് എസ് ജി ക്ലാസ്
- പി.ടി.എ. വിദ്യാലയമികവുകൾ പൊതുസമൂഹവുമായിപങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന്കൂടി പ്രയോജനപ്പെടുത്തൽ
- ഭവന സന്ദർശനം
- വിദ്യാലയ ജാഗ്രത സമിതി
- എം പി ടി എ
- എസ് ആർ ജി
- ക്ലാസ് പി.ടി.എ

# നേരിടുന്ന വെല്ലുവിളികളും അതിജീവനമാർഗങ്ങളും

ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും വിവിധ സിലബസുകളിലായി നിരവധി സ്കൂളുകൾ സ്ഥിതി ചെയ്യുന്ന സാംസ്കാരിക തലസ്ഥാനം ആയ തൃശ്ശൂരിന്റെ ഹൃദയഭാഗത്ത് ചേർന്ന് നിൽക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം ആയതുകൊണ്ട് വിദ്യാർഥികളുടെ എണ്ണം കുറവ് കുറച്ചു വർഷങ്ങളായി അനുഭവിച്ചു വരുന്നു സാമ്പത്തികമായി വളരെ പിന്നോക്കത്തിൽ കഴിയുന്ന രക്ഷിതാക്കൾ ഒട്ടു മിക്കവരും കൂലിപ്പണി ചെയ്താണ് കുടുംബം പുലർത്തുന്നത് അതിനാൽ മക്കളെ ശ്രദ്ധിക്കാൻ വേണ്ടത്ര സമയം കിട്ടുന്നില്ല എന്നത് അവരുടെ പഠനത്തെയും സ്വഭാവരൂപീകരണത്തെയും പ്രതികൂലമായി ബാധിക്കുന്നു വിദ്യാർത്ഥികളുടെ അഭിരുചി അനുസരിച്ച് വിവിധ മേഖലകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കാൻ സാമ്പത്തിക പ്രതിസന്ധി ഒരു വിലങ്ങുതടിയായി അനുഭവപ്പെടുന്നു ഭാഷാപരിപോഷണ പരിപാടികൾ പലതും നടത്തുന്നുണ്ടെങ്കിലും മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും കുറെ കുട്ടികൾക്ക് പൂർണമായി ഉറച്ചിട്ടില്ല ഇതിന് പരിഹാരം എന്ന രീതിയിൽ എസ് ആർ ജിയിൽ തീരുമാനിച്ച പ്രകാരം ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുൻപ് അരമണിക്കൂർ സമയം പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് അക്ഷരം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകി അവരിൽ അക്ഷരം ഉറപ്പിച്ച് അവരെ വായനയുടെ അനന്തവിഹായസ്സിലേക്ക് കൈപിടിച്ച് ഉയർത്തുന്നു. ഫാസ്റ്റ് ഫുഡ് സംസ്കാരത്തിലും മൊബൈൽ വലയത്തിലും പെട്ട് ഉഴലുന്ന വിദ്യാർത്ഥികൾക്ക് ശാരീരിക ചാലക വികാസത്തിന് ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ദിവസവും ക്ലാസുകളിൽ നിശ്ചിത സമയം ശാരീരിക വ്യായാമ മുറകൾ പരിശീലിപ്പിച്ചും നല്ല ആഹാര ശീലത്തെ കുറിച്ച് ബോധവൽക്കരിപ്പിച്ചും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഈ വിദ്യാലയം ഏറെ ശ്രദ്ധ ചെലുത്തുന്നു.

# മികവനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ആത്യന്തികമായ ലക്ഷ്യം ഓരോ വിദ്യാലയത്തേയും മികവിൻ്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുകയും അയൽപ്പക്കസമൂഹത്തിലെ വിദ്യാർഥികളെ ഇവിടെ എത്തിക്കുകയും ചെയ്യുക എന്നതാണ് ഇത് സാധിക്കണമെങ്കിൽ വിദ്യാലയത്തെ ഭൗതികമായും അക്കാദമികമായുംഉന്നതിയിൽ എത്തിക്കേണ്ടതുണ്ട് ഇതിന് വിദ്യാലയവുമായി നേരിട്ട് ബന്ധപ്പെട്ടവരോടൊപ്പം അയൽപ്പക്കസമൂഹത്തിലെ മുഴുവൻ പേരെയും ഉൾക്കൊള്ളിക്കാം നിലവിലുള്ള സമിതികൾക്കൊപ്പം പൂർവ്വ വിദ്യാർത്ഥി സംഘടന ജനപ്രതിനിധികൾ ക്ലബ്ബുകൾ വായനശാലകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി വിദ്യാലയ വികസനം സാധ്യമാക്കാം

# ചരിത്രം

വിജ്ഞാനത്തിന്റെ പൊൻ പ്രഭ തൂകി നാടിനെ പുരോഗതിയുടെ ഉത്തുംഗ ശൃംഗങ്ങളിൽ എത്തിക്കാൻ വിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് എത്രയോ വലുതാണ്. ഓരോ നാടിന്റെയും ജീവനാഡിയാണ് ആ നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. നാടിൻെറ ഓരോ ജീവസ്പന്ദനവും ഏറ്റുവാങ്ങുന്ന വിദ്യാലയങ്ങൾ നാടിൻെറ സാംസ്കാരിക വളർച്ചയെ നിരന്തരം സഹായിച്ചു കൊണ്ടിരിക്കുകയാണ്. നാടിന്റെ പുരോഗതിയും നാളെയുടെ വളർച്ചയും വിദ്യാഭ്യാസത്തിലൂടെ മാത്രമേ കൈവരിക്കാനാവൂ എന്ന് മനസ്സിലാക്കി ഒല്ലൂരിലെ ക്രാന്തദർശികളായ പൂർവികന്മാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനായി നിർലോഭം സഹായ സഹകരണങ്ങൾ നൽകി പോകുന്നു എന്നതിന് തെളിവാണ് ഇവിടെ ഉയർന്നുനിൽക്കുന്ന വിദ്യാനികേതനങ്ങൾ.

നെൽപ്പാടങ്ങളും തെങ്ങിൻത്തോപ്പുകളും തോടുകളും കുളങ്ങളും വൃക്ഷലതാദികളും നിറഞ്ഞ

സന്യാസിനി മാർ തങ്ങളുടെ വിജ്ഞാന വൃക്ഷത്തിന്റെ വിത്തുപാകി അത് തഴച്ച് വളർന്ന് പടർന്ന് പന്തലിക്കാൻ വെള്ളവും വളവും നൽകിയത് ബഹുമാനപ്പെട്ട ക്രൂസ് അച്ഛനും ബഹുമാനപ്പെട്ട വാഴപ്പിള്ളി ഫ്രാൻസിസ്കോസ് മെത്രാനച്ചൻ തിരുമേനിയും ആയിരുന്നു. പ്രഥമ സാരഥി ബഹുമാനപ്പെട്ട സിസ്റ്റർ റോസയുടെയും മറ്റ് അധ്യാപിക സഹോദരിമാരുടെയും കഠിന പരിശ്രമ ഫലമായി പല പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്ത് ഈ വിദ്യാലയം പുരോഗതിയിലേക്ക് ഉയരാൻ തുടങ്ങി. തുടർന്ന് ഇത് അപ്പർ പ്രൈമറി സ്കൂൾ ആയി ഉയർത്തി. **1966** ൽ ഹൈസ്കൂൾ ആയി ഉയർത്തുകയും ചെയ്തു .ഇന്ന് ഹയർസെക്കൻഡറി ആയി ഉയർത്തിയിരിക്കുന്നു.

ഈ കൊച്ചു വിദ്യാലയത്തിൽ നിന്നും അക്ഷര വെളിച്ചവും നേടി സമൂഹത്തിന്റെ ഉന്നത തുറകളിലേക്ക് ഉയർന്നവർ വിദ്യാഭ്യാസ വകുപ്പ് മുതൽ ആധ്യാത്മിക രംഗം വരെ നിൽക്കുന്നു. ഇതിൽ ഏഷ്യാഡ് അത്‌ലറ്റ് ശ്രീമതി അൽഫോൻസാ കുരിയൻ, റിട്ടയേഡ് തോമസ് കെ ജെ ,സഹൃദയ അവാർഡ് ജേതാവായ ബാലസാഹിത്യ കാരൻ ശ്രീ ജോർജി ഇമ്മട്ടി ,മാതൃഭൂമി റിപ്പോർട്ടർ

പ്രകൃതിസുന്ദരമായ ഒരു സമതല പ്രദേശമാണ് വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശം. പണ്ട് മുതൽക്കേ വ്യവസായികമായി മുൻപന്തിയിൽ നിൽക്കുന്ന ഒരു നാടാണ് ഒല്ലൂർ. അതിനു കാരണം റെയിൽ വഴിയും റോഡ് വഴിയും ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലുമായി ബന്ധപ്പെടാനുള്ള അവസരവും തുറമുഖ പട്ടണമായ കൊച്ചിയുമായി ഉണ്ടായിരുന്ന സാമീപ്യവും ആണ് .നൂതനമായ ആശയങ്ങൾ ഉൾക്കൊള്ളാനും അത് പ്രവൃത്തിപഥത്തിൽ വിജയകരമായി കൊണ്ടു വരുന്ന തിനും കഴിവുള്ള സാഹസികരായ വ്യക്തികളുടെ അശ്രാന്ത പരിശ്രമവും ഒല്ലൂരിന്റെ മുഖച്ഛായ മാറ്റിയ വ്യവസായവൽക്കരണത്തിന് ആക്കം കൂട്ടിയ ഒല്ലൂരിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വ്യവസായവൽക്കരണം വളരെ സഹായകമായി. പാക്കിംഗ് കേസ് നിർമ്മാണം ,ഓട് നിർമ്മാണം, അണ്ടി കമ്പനികൾ എന്നിവ ഒല്ലൂരിലെ പ്രമുഖവ്യവസായ കേന്ദ്രങ്ങൾ ആയിരുന്നു.

ഒല്ലൂരിന്റെ തിലകക്കുറിയായി വിശുദ്ധ റാഫേൽ മാലാഖയുടെ നാമധേയത്തിൽ സ്ഥാപിതമായ ദേവാലയത്തിന്റെ ഭാഗമായ മാലാഖയുടെ പന്തലിൽ **1942** ൽ വാടകയ്ക്ക് എടുത്ത **13** ക്ലാസ് മുറികളിൽ കർമലീത്ത

ശ്രീ.റാഫി വി. ജെ എന്നിവരെല്ലാം എടുത്തു പറയത്തക്ക വ്യക്തിത്വത്തിന് ഉടമകളാണ് .

പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്ന ഈ വിദ്യാലയം സബ്ജില്ലാ തലത്തിൽ കലാകായിക പ്രവർത്തി പരിചയമേളകൾക്ക് ധാരാളം സമ്മാനങ്ങൾ വാരിക്കൂട്ടുന്നു. ഇവിടുത്തെ പി ടി എ യുടെ പ്രവർത്തനഫലമായി **2002- 2003** അധ്യയന വർഷത്തിൽ ജില്ലാതലത്തിലും **2003- 2004** അധ്യായന വർഷത്തിൽ സംസ്ഥാനതലത്തിലും ബെസ്റ്റ് പി ടി എ അവാർഡുകൾ കരസ്ഥമാക്കാൻ കഴിഞ്ഞു.മാത്രമല്ല അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി **2003- 2004** ൽ തൃശ്ശൂർ ഈസ്റ്റ് ഉപജില്ലയിലെ ബെസ്റ്റ് സ്കൂൾ ആയി തിരഞ്ഞെടുക്കപ്പെട്ടു. **2008- 2009**ലും ബെസ്റ്റ് സ്കൂളിനുള്ള തൃശ്ശൂർ ജില്ലയിലെ സമ്മാനവും **2009 -2010** ൽ ബെസ്റ്റ് പി ടി എ , ബെസ്റ്റ് ഗിൽഡ് എന്നീ സമ്മാനങ്ങളും **2012- 2013** ൽ ബെസ്റ്റ് എൽ പി സ്കൂൾ അവാർഡും **2012- 2013** ൽ മലയാള മനോരമയുടെ നല്ല പാഠം അവാർഡുകളും ലഭിക്കുകയുണ്ടായി. **2013-2014** ബെസ്റ്റ് ഗിൽഡ് യൂണിറ്റ് വീണ്ടും ഈ സ്കൂളിന് തന്നെ ലഭിച്ചു. അങ്ങനെ ഒല്ലൂരിന്റെ

അഭിമാനസ്തംഭമായി ഇന്നും ഈ സ്കൂൾ ഉയർന്നുനിൽക്കുന്നു. സ്കൂളിന്റെ **75**- വാർഷികം വിവിധ പ്രവർത്തന പരിപാടികളോടെ കെങ്കേമമായി കൊണ്ടാടാനും ഒരു സ്മരണിക ഇറക്കാനും ഞങ്ങൾക്ക് സാധിച്ചു എന്നതിൽ ഏറെ നന്ദിയുണ്ട്. അതിനായി അഭ്യുദയകാംക്ഷികളായ നാട്ടുകാരും പഴയ പി ടി എ കമ്മിറ്റി അംഗങ്ങളും അധ്യാപകരും ഒറ്റക്കെട്ടായി പരിശ്രമിച്ചു. തൃശ്ശൂർ ഈസ്റ്റ് ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി ഇന്നും ഞങ്ങളുടെ വിദ്യാലയം നിലകൊള്ളുന്നു.

# നിലവിലെ അവസ്ഥാവിശകലനം

മൂല്യബോധവും വിദ്യാഭ്യാസപരവുമായ എല്ലാ ലക്ഷ്യങ്ങളും കുട്ടികളിൽ വളർത്താവുന്നതാണ്. വിദ്യാലയത്തിന് ആവശ്യമായ ബൗദ്ധികവും അക്കാദമികവുമായ അവസ്ഥാവിശേഷങ്ങൾ കൂടിയേ തീരൂ.അങ്ങനെയുള്ള വിദ്യാലയത്തിലൂടെയാണ് പുതിയ തലമുറയെ വാർത്തെടുക്കാൻ സാധിക്കുക. വിദ്യാലയ മികവിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകരമായ കർമ്മ പദ്ധതികൾ ഉൾക്കൊള്ളുന്നതായിരിക്കണം വിദ്യാലയ വികസന പദ്ധതി. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സന്നദ്ധത സംഘടന പ്രവർത്തകർ വിവിധ സർക്കാർ, സർക്കാരേതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയും.വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കേണ്ടതിന് ഭൗതികവും അക്കാദമികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ഞങ്ങളുടെ വിദ്യാലയത്തിൽ നടപ്പിലാക്കി വരുന്നു.

## ഭൗതികം.

കുട്ടികളിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഞങ്ങളുടെ വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ വൽക്കരിച്ച 12 ക്ലാസ് മുറികളും വായനശേഷി വികസിക്കുന്നതിനുള്ള ലൈബ്രറിയും സാങ്കേതിക വർധിപ്പിക്കാൻ കമ്പ്യൂട്ടറിലാകും കുട്ടികളുടെ പാഠ്യ പ്രവർത്തനങ്ങളിലൂടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനായുള്ള ക്ലാസ് മുറിയും ഞങ്ങളുടെ വിദ്യാലയത്തിൽ സജ്ജമാക്കി യിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസ് റൂമും സ്റ്റാഫ് റൂമും ഉണ്ട് . മൂന്ന് നിലയുള്ള കെട്ടിടത്തിലേക്ക് അനായാസം കയറി ഇറങ്ങുന്നതിനായി കെട്ടിടത്തിന്റെ മൂന്നു ഭാഗങ്ങളിലായി പടികൾ നിർമ്മിച്ചിട്ടുണ്ട്. ഭിന്നശേഷികുട്ടികൾക്കായി റാമ്പ് നിർമ്മിച്ചിട്ടുണ്ട്. പൊതുകാര്യങ്ങൾ അറിയിക്കുന്നതിനായി സൗണ്ട് സ്പീക്കറുകളും എല്ലാ ക്ലാസ് മുറികളിലും സജ്ജമാക്കിയിട്ടുണ്ട്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഗവൺമെൻറ് നിർദ്ദേശം അനുസരിച്ചുള്ള സൗജന്യങ്ങൾ ഞങ്ങളുടെ വിദ്യാലയത്തിലുണ്ട്

എല്ലാ വർഷവും ശുചീകരിച്ച കിണർ വെള്ളം പൈപ്പ് കണക്ഷൻ വഴി കുട്ടികൾ ഉപയോഗിക്കുന്നു.

ആധുനീകരിച്ച അടുക്കളയിൽ തയ്യാറാക്കിയ ഉച്ചഭക്ഷണമാണ് കുട്ടികൾക്ക് നൽകിവരുന്നത്. രുചികരമായ ഭക്ഷണത്തോടൊപ്പം ആഴ്ചയിൽ രണ്ടുദിവസം പാലും ഒരു ദിവസം മുട്ടയും വിതരണം ചെയ്യുന്നു. കുട്ടികളു ടെ ആരോഗ്യ സംരക്ഷണത്തിന് സമൃദ്ധമായ രണ്ടു കറികളോടുകൂടി ഉച്ചഭക്ഷണം നൽകുന്നു.

കുട്ടികൾക്ക് കളിക്കുന്നതിനായി വിശാലമായ കളിമുറ്റവും പാർക്കും , വർണ്ണശബളമായ പൂന്തോട്ടവും വിദ്യാലയത്തിന്റെ മനോഹരമാക്കുന്ന ഒന്നാണ്.

## ജൈവ വൈവിധ്യ ഉദ്യാനം.

ജൈവവൈവിധ്യ ഉദ്യാനത്തിൽ വൈവിധ്യമാർന്ന ഔഷധസസ്യങ്ങളും പുഞ്ചിരിച്ചു നിൽക്കുന്ന ആമ്പലും തുള്ളി കളിക്കുന്ന മീനുകളും കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ കുളവും ഉണ്ട് . പ്രകൃതിയൊരുക്കിയ ഒരു പാഠപുസ്തകമാണ് എന്ന് ഉറപ്പിക്കുന്ന തിനും കുട്ടികളെ പ്രകൃതി സംരക്ഷണത്തിന് പ്രാപ്തരാക്കുന്നതിനും സഹജീവി സ്നേഹം വളർത്തുന്നതിനും ഓരോ ജന്തുവിന്റെയും സത്യത്തെയും പ്രാധാന്യം മനസ്സിലാക്കുന്നതിനും ജലസംരക്ഷണ പ്രവർത്തനങ്ങളിൽ എല്ലാവരും പങ്കാളികളാകുന്നതിനും ജൈവവൈവിധ്യ ഉദ്യാനം കൊണ്ട് സാധിക്കുന്നു.

## അക്കാദമികം

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിൽ ഊന്നിയിരിക്കണം വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകേണ്ടത്. സമൂഹവുമായി മേഖലകളിലെ വികസനം സാധ്യമാകുന്ന തിന് സഹായകമായ കർമ്മ പദ്ധതികൾ ഉൾക്കൊള്ളുന്നതായിരിക്കണം വിദ്യാലയ വികസന പദ്ധതി..വിദ്യാലയത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി അധ്യാപക രക്ഷാകർതൃ സംഘടനകൾ പൂർവ വിദ്യാർത്ഥി സംഘടനകൾ എന്നിവകളുടെ സഹകരണത്തോടെ കാലോചിതമായ വികസന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് . അതിൻപ്രകാരം ആദ്യപടിയായി എല്ലാ ക്ലാസ് റൂമുകളും കമ്പ്യൂട്ടർ വൽക്കരിച്ചു. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുന്നതി നായി അധ്യാപക രക്ഷാകർതൃസംഘടനയുടെ സഹായത്തോടെ ഇംഗ്ലീഷ് അധ്യാപികയെ സ്കൂളിൽ നിയമിച്ച് കുട്ടികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് ഷിലും ഇംഗ്ലീഷ്വ്യാകരണത്തിനും പ്രാവീണ്യം നൽകുന്നു. വിദ്യാഭ്യാസ

# അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

കുട്ടികളുടെ ഭാഷാശേഷി വികസനത്തിനായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു. ഓരോ ക്ലാസുകാരും മാറിമാറി അസംബ്ലി നടത്തുന്നതിനുള്ള അവസരം നൽകുന്നു. ആഴ്ചയിൽ ബുധനാഴ്ച ദിവസങ്ങളിൽ ഇംഗ്ലീഷ് അസംബ്ലിയും വെള്ളിയാഴ്ചകളിൽ ഹിന്ദി അസംബ്ലിയും നടത്തുന്നു ബാക്കിയുള്ള ദിവസങ്ങളിൽ മലയാളത്തിലും അസംബ്ലി സംഘടിപ്പിക്കുന്നു. ഓരോ ദിവസവും അസംബ്ലിയിൽ ഏതെങ്കിലും കഥ ഓരോ അധ്യാപികമാരും മാറിമാറി അവതരിപ്പിക്കുന്നു കൂടുതൽ പുസ്തകങ്ങൾ വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നത് പരിശോധിച്ച പുസ്തക പ്രതിഭ അവാർഡ് നൽകുന്നു വായനയ്ക്കായി ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറികൾ നിർമ്മിക്കുകയും പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. ലൈബ്രറി ഇഷ്യൂ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നതാണ് ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക പരിശീലന ക്ലാസുകളും നൽകുന്നത് ഫലപ്രദമാണ്.

ഗണിത ശേഷി വികസനത്തിന്റെ ഭാഗമായി അബാക്കസ് ക്ലാസുകൾ സംഘടിപ്പിക്കുകയും ഗണിത ലാബുകൾ സജ്ജീകരിക്കുകയും ചെയ്യുന്നു. വ്യത്യസ്ത കളികളിലൂടെ ഗണിതം കൂടുതൽ രസകരവും ആസിയ ആസ്വാദ്യകരവും ആക്കുന്നതിനുള്ള പ്രവർത്തന പാക്കേജുകൾ പഠനോപകരണങ്ങൾ എന്നിവ തയ്യാറാക്കുന്നു. ഗണിത പഠനവുമായി ബന്ധപ്പെട്ട് ശില്പശാലകൾ,സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതും ഏറെ ഉപകാരപ്രദമാണ്.

ഇംഗ്ലീഷ് പഠന പരിപോഷണത്തിന്റെ ഭാഗമായി ബുധനാഴ്ച ദിവസങ്ങളിൽ ഇംഗ്ലീഷ് ഡേ ആയി ആചരിക്കുന്നു.അധ്യാപകരും വിദ്യാർത്ഥികളും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ കൂടുതൽ പ്രോത്സാഹനം നൽകുന്നു. ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ ഏറെ മെച്ചപ്പെട്ട രീതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.ഇംഗ്ലീഷ് ഭാഷ പഠന പരിവേഷണത്തിന്റെ ഭാഗമായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കുന്നു.അസംബ്ലിയിൽ സ്റ്റോറി,ന്യൂസ് എന്നിവ ഇംഗ്ലീഷിൽഅവതരിപ്പിക്കുന്നു. ദിനംതോറും നടത്തുന്ന പത്രവാർത്ത ക്വിസ്. ദിനാചരണങ്ങളോട് അനുബന്ധിച്ച് നടത്തുന്ന ക്വിസ് മത്സരങ്ങൾ എന്നിവയും ഏറെ പ്രചോദനാർഹമാണ്. എല്ലാ ക്ലാസ്സുകളിലേക്കും ദിനപത്രങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ സ്പോൺസർമാരെ കണ്ടെത്തുന്നു. എല്ലാ വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്ന റേഡിയോ പ്രോഗ്രാം ശ്രദ്ധേയമാണ്. കുട്ടികളിലെ സ്വതസിദ്ധമായ കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഭാഷാശേഷി വികസനത്തിനും ഇത്തരം പ്രവർത്തനങ്ങൾ ഏറെ ഗുണം ചെയ്യുന്നു.

കുട്ടികളുടെ കലാപരമായ കഴിവുകളെ കണ്ടെത്തുന്നതിനും പ്രചോദിപ്പിക്കുന്നതിനും സ്കൂൾതല കലാമേളകളും വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രമേളകളും വിപുലമായി സംഘടിപ്പിക്കുന്നു.വിദ്യാർഥികൾക്ക് ഉന്നത നിലവാരത്തിലുള്ള കായിക വിദ്യാഭ്യാസം നൽകുന്നതിനും വിദ്യാലയം ശ്രദ്ധ പതിപ്പിക്കുന്നു. സ്കൂൾ ആർട്ട്സ് ഡേ,സ്പോർട്ട്സ് ഡേ എന്നിവവളരെ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കികൊണ്ട് അനന്യമായ ഒരു മാതൃക സൃഷ്ടിക്കാൻ പരിശ്രമിക്കുന്നതാണ്.മതനിരപേക്ഷത ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം ഉളവാക്കുന്ന രീതിയിൽ ഒരു വിദ്യാലയ പാർലമെന്റ് രൂപം നൽകുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.ഇതോടൊപ്പം പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജ്ജനവബോധം ലിംഗാവബോധം, വിമർശനവബോധംഎന്നിവ ഉളവാകാൻ അത്യാവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു.

ക്യാമ്പസ് ഒരുപാട് പുസ്തകം എന്ന കാഴ്ചപ്പാടിൽ വിദ്യാലയം ഒരു ജൈവവൈവിധ്യ ഉദ്യാനമായി മാറ്റുന്നു.പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.വായനശാല എന്നിവ ആധുനിക വൽക്കരിക്കുന്നു.ലൈബ്രറി നടത്തിപ്പിനായി അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നു.

കുട്ടികൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി വിവിധ വർക്ക് എക്സ്പീരിയൻസ് പരിശീലനം നൽകുന്നു. കുട നിർമ്മാണം എംബ്രോയിഡറി ,മറ്റ് കരകൗശലവസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെയുള്ള അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും പ്രത്യേക പരിശീലനം നൽകുന്നതും നല്ലതാണ് .കുട്ടികൾക്ക് സൈക്ലിംഗ്, നീന്തൽ എന്നിവയിലും പരിശീലനം നൽകുന്നത് അവരുടെ കായിക ശേഷി വികസനത്തിന് സഹായകരമായിരിക്കും.

കേവലം പാഠങ്ങൾ പഠിക്കുന്ന ഇടങ്ങൾ മാത്രമല്ല വിദ്യാലയം ഒരു കുട്ടിയുടെ ജീവിതം വളർച്ചയുടെ അവിഭാജ്യമായ ഭാഗം കൂടിയാണിത് .ജീവിതത്തെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുന്നതിനുള്ള കൗൺസിലിംഗ് സൗകര്യം വിദ്യാലയങ്ങളിൽ ലഭ്യമാകണം അതിനുവേണ്ട പ്രാഥമിക പരിശീലനം അധ്യാപകർ രക്ഷിതാക്കൾ പ്രഥമ അധ്യാപകർ എന്നിവർക്ക് നൽകുന്നതും ഉപകാരപ്രദമാണ് .പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുന്നു. പഠന പിന്നോക്ക അവസ്ഥയിലെ കാരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് ഇടപെടുന്നതിന് അധ്യാപകരെ പ്രാപ്തരാക്കണം. എല്ലാ വിദ്യാർത്ഥികളുടെയും ഭവന സന്ദർശനം വിദ്യാലയത്തിൽ നിർബന്ധമാക്കും രക്ഷിതാക്കളുമായി സംവദിക്കുന്നതിനും കുട്ടികളുടെ ജീവിതാവസ്ഥകൾ മനസ്സിലാക്കുന്നതിനും അവർക്ക് ആവശ്യമായ സാമ്പത്തിക ഭൗതിക സാമൂഹിക സഹായസഹകരണങ്ങൾ നൽകുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ് കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നു. മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗത്തിന്റെ

ദോഷങ്ങളെക്കുറിച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകളും മറ്റ് ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കുന്നു. പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം ഹരിത വിദ്യാലയം എന്നിവ യാഥാർത്ഥ്യമാക്കുന്നു. ആരോഗ്യ ബോധവൽക്കരണ സെമിനാറുകൾ പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെ കുറിച്ചുള്ള ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ജൈവമാലിന്യങ്ങളും വേർതിരിച്ച സംസ്കരിക്കുന്നതിനുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് നൽകാം. അതിന്റെ പ്രാധാന്യം മനസ്സിലാക്കാനും വിദ്യാലയത്തിൽ മാലിന്യ സംസ്കരണ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഹെൽത്ത് ക്ലബ് അംഗങ്ങൾ നേതൃത്വം നൽകുകയും ചെയ്യുന്നു. വിദ്യാലയത്തിൽ പൂന്തോട്ട പച്ചക്കറി ഔഷധത്തോട്ട നിർമ്മാണം, ഒരു നല്ല പ്രവർത്തനമായി ഏറ്റെടുക്കാം. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനും ശാസ്ത്രീയ കൃഷി രീതികൾ പരിശീലിപ്പിക്കുന്നതിനും ഇത് സഹായകമാണ്.കൃഷിയെയും മാലിന്യ മാനേജ്മെന്റിനെയും ബന്ധപ്പെടുത്തിഉദ്ഗ്രഥിത കൃഷിരീതികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.മികവിനായി ഏറ്റെടുക്കേണ്ട ഭൗതികമായ പ്രവർത്തനങ്ങൾ, ക്ലാസ് മുറികൾ കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ നവീകരിക്കുക, ചുമരുകൾ പെയിന്റ് ചെയ്യും പഠനോപകരണങ്ങൾ കുട്ടികൾക്ക് ഉപയോഗിക്കാൻ കഴിയാവുന്ന വിധത്തിൽ സജ്ജീകരിക്കുകയും ചെയ്യുന്നു. ചുറ്റുമതിൽ ആകർഷകമായി പെയിന്റടിച്ച് നൽകുന്നു ചുറ്റുമതിൽ പഠന സാധ്യതകൾ ഉപയോഗപ്പെടുത്തി ക്രമപ്പെടുത്തുന്നു.പാചകപ്പുര ആധുനികവൽക്കരിക്കുന്നു സ്കൂൾതലത്തിലും നാട്ടിലും ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ ഭക്ഷണത്തിൽ പോഷകാഹാരത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട ക്ലാസുകൾ ഏറ്റെടുത്തു നൽകുവാൻ കഴിയുന്നവരെ കണ്ടെത്തി പ്രവർത്തനം നടത്തുന്നു .പൊതു ആഘോഷങ്ങളുടെ ഭാഗമായി സ്കൂൾതലത്തിൽ വിപുലമായ പങ്കാളിത്തത്തോടെ ഭക്ഷണവിതരണം നടത്തുവാൻ ആവശ്യമായ ആളുകളും സന്നാഹങ്ങളും ഒരുക്കുന്നു.നിലവിലുള്ള ടോയ്ലറ്റുകളുടെ ഭൗതികമായ പരിമിതികൾ പരിഹരിക്കുന്നു. സ്കൂളിന് ആവശ്യമായ കളി ഉപകരണങ്ങൾ,ഇൻഡോർ ഗെയിമിന് ആവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് സ്പോൺസർമാരെ കണ്ടെത്തുന്നു.

കായികരംഗത്ത് പ്രശസ്തരായ ആളുകളെ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നു .അവരുടെ സേവനങ്ങൾ ലഭ്യമാകുന്നു .കുട്ടിയുടെ സാമൂഹ്യവസ്ഥയിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നു .നിലവിലുള്ള കളിസ്ഥലത്ത് പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നു.

കുട്ടികൾ ശുദ്ധമായ കുടിവെള്ളം തന്നെയാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നു .അതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ബോധവൽക്കരണവും നടത്തുന്നു

മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നു .പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു .മറ്റു മാലിന്യങ്ങൾ വളമായി ഉപയോഗിക്കാവുന്ന തരത്തിൽ ശേഖരിക്കുന്നു

ലൈബ്രറിയിലെ പുസ്തകങ്ങൾ പരമാവധി കുട്ടികൾ മാറിമാറി വായിക്കുന്നതിന് അവസരം നൽകുന്ന വിധത്തിൽ വിതരണം ചെയ്യുന്നു .ക്ലാസ് മുറിയിൽ വായനാ മൂല ഒരുക്കി വേണ്ടത്ര പുസ്തകങ്ങൾ തരംതിരിച്ച് ക്രമീകരിക്കുന്നു.

*എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക

* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടിയെന്നു ഉറപ്പുവരുത്തുക

*കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക *സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

* ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക *ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക

* മികച്ച വായനാശീലം വളർത്തുക

ഇംഗ്ലീഷ്

*ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

*സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായി എഴുതുന്നതിന് സജരാക്കുക.

* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.

*ആശയ അവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

*വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

*ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണവർഷോപ്പുകൾ ആസൂത്രണം ചെയ്യുക.

പരിസര പഠനം

*ശാസ്ത്ര പഠനത്തിൽ താല്പര്യമുള്ളവർ തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

*ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

*ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

* ഗണിത ജീവിതവുമായി ബന്ധപ്പെടുത്തുക.

* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.

* ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

* ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

★ സാമൂഹിക അവബോധം

* ജനാധിപത്യ വേദികൾ ഒരുക്കുക.
* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
* ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

പ്രവർത്തിപരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
* പഠനവുമായി പ്രവർത്തി പരിചയഅനുഭവത്തെ ബന്ധിപ്പിക്കുക.
* പ്രവർത്തിപരിചയം മേളകളിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കുക.

കലാപരിശീലനം

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
*ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന് ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

ആരോഗ്യ കായിക വിദ്യാഭ്യാസം

*മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക.
* ആരോഗ്യ ശീലങ്ങൾ വളർത്തുക
* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
* ക്യാമ്പസിനെ മാലിന്യ മുക്തമാക്കുക ഹരിതാഭമാക്കുക.

പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും കളികളും കമ്പ്യൂട്ടറിൽ സ്വയം ചെയ്യാൻ ഒന്നോ രണ്ടോ കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ എന്ന് തോതിൽ ഓരോ ക്ലാസിലെയും കുട്ടികളെ ഒരുമിച്ച് പരിശീലനം നൽകുന്ന വിധത്തിൽ കമ്പ്യൂട്ടറുകൾ സജ്ജീകരിക്കുക, പാഠഭാഗവുമായി ബന്ധപ്പെട്ട സീഡികൾ കണ്ടെത്തുന്നു. സീഡികൾ കാണാൻ അവസരം നൽകുന്നു. വിദ്യാലയത്തിലെ വിവിധ പ്രവർത്തനങ്ങളും ദിനാചരണങ്ങളും മറ്റു പൊതു പരിപാടികളും എൽസിഡി പ്രൊജക്ടറിന്റെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും കാണാൻ അവസരം നൽകുന്നു. ക്ലാസ് മുറികളിൽ ആധുനിക സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും ലഭ്യമാക്കും. സ്റ്റാഫ്റൂമിൽ അധ്യാപകർക്കുള്ള റഫറൻസ് ഗ്രന്ഥങ്ങൾ സീഡികൾ തുടങ്ങിയവ ലഭ്യമാക്കപ്പെട്ട വിധത്തിൽ സജ്ജീകരിക്കും.ഓരോ ക്ലാസ് മുറിയിലും ക്ലാസ് മികവുകൾ കുട്ടികളുടെ ഉത്പന്നങ്ങൾ അറിയിപ്പുകൾ സർഗാത്മക സൃഷ്ടികൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കും.ഓഫീസ് റൂമിൽ വാർഷിക കലണ്ടർ വിദ്യാലയ നേട്ടങ്ങൾ പ്രതിഫലിപ്പിക്കുന്ന ഷീ ൽഡുകളും മറ്റും ഉണ്ടായിരിക്കണം.

## വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ വിദ്യാലയം മികവിനായി ഏറ്റെടുക്കേണ്ട സാമൂഹിക പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പൊതുവാർഷിക പദ്ധതിക്ക് അനുസൃതമായി ഓരോ സ്കൂളിനും പാഠ്യപദ്ധതി വിനിമയത്തിനുള്ള വാർഷിക പദ്ധതി തയ്യാറാക്കേണ്ടത് ആവശ്യമാണ്. ഓരോ മാസവും ലക്ഷ്യമിടുന്ന പാഠഭാഗങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിനും നിർദിഷ്ടശേഷികൾ എല്ലാവരും ആർജിച്ചു എന്ന്

ഉറപ്പുവരുത്തുന്നതിനും വിലയിരുത്തൽ നടത്തുന്നതിനും ഇത്തരം പദ്ധതിയിലൂടെ സാധിക്കുന്നു. ഓരോ ക്ലാസിനും സ്കൂളിനും പൊതുവായ ലക്ഷ്യങ്ങളും അജണ്ടകളും ഉണ്ടാകണം. ഹരിത ജീവനം എന്ന ആശയം കുട്ടികൾ സ്വാംശീകരിച്ച് പ്രവർത്തിക്കണം. പരിസ്ഥിതി പഠനാലയം എന്ന തരത്തിലേക്ക് വിദ്യാലയത്തെ ഉയർത്താൻ വിവിധ പ്രവർത്തനങ്ങളിലൂടെ സാധിക്കണം.

കോർണർ പിടിഎ, അതിഥി ക്ലാസ്സുകൾ, പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ, പ്രാദേശിക പഠനയാത്രകൾ, സ്ഥാപന സന്ദർശനങ്ങൾ, അച്ചടിച്ച സ്കൂൾ പത്രങ്ങൾ, സമൂഹ ചർച്ചയ്ക്ക് വിധേയമാകൽ നവമാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ തനതായ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തൽ, പ്രാദേശികപഠനയാത്രകൾ, സ്ഥാപന സന്ദർശനങ്ങൾ അച്ചടിച്ച സ്കൂൾപത്രങ്ങൾ സമൂഹ ചർച്ചയ്ക്ക് വിധേയമാക്കൽ, നവമാധ്യമങ്ങളിലൂടെ നവമാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ തനതായ പ്രവർത്തനങ്ങൾ പങ്കിടൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ,മറ്റു ജനപ്രതിനിധികൾ എന്നിവരെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ സമൂഹ ശ്രദ്ധ പിടിച്ചു പറ്റുന്ന അക്കാദമിക മൂല്യവും സാമൂഹ്യമൂല്യവുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കാൻ സാധിക്കും.

കുട്ടികളുടെ അവകാശപത്രിക സ്കൂളിൽ പ്രദർശിപ്പിക്കുന്നതിലൂടെയും വിവിധ ക്ലാസ്സുകൾ ഒരുക്കുന്നതിലൂടെയും സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് സഹായിക്കുന്നു. മാനവികത ബോധം വളർത്തിയെടുക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ

സഹായിക്കുന്നു. ജീവിത നൈപുണീ വികസിപ്പിക്കുന്നതിന് യോജിച്ച പ്രവർത്തനങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്.

ജനാധിപത്യ പരിശീലനത്തിന്റെ വേദിയായി ക്ലാസുകളെ മാറ്റണം അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നതിൽ, നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിൽ, പ്രശ്നപരിഹരണത്തിൽ പുതിയ സാധ്യത അന്വേഷിക്കുന്നതിൽ, കുട്ടികളോടുള്ള സമീപനത്തിൽ എല്ലാം ഇത് സാധ്യമാണ്.ക്ലാസ് സഭകളും സ്കൂൾ പാർലമെന്റും സജീവമാക്കണം. നിർണായകമായ തീരുമാനങ്ങൾ എടുക്കും മുമ്പ് സ്കൂൾ പാർലമെന്റ് കൂടി ചർച്ചചെയ്യുന്ന രീതി വികസിപ്പിക്കണം. പഠന മികവ് സ്കൂൾ പാർലമെന്റിന്റെ അജണ്ടയാക്കണം. നേതൃത്വശേഷി വികാസം ലക്ഷ്യമിട്ടുള്ള ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കണം.

പഠനമികവുകളുടെയും പ്രശ്നപരിഹരനുഭവങ്ങളുടെയും പങ്കിടൽ വേദികളാക്കി ഓരോ ക്ലാസ്സ് പിടിഎ യോഗത്തെയും മാറ്റാൻ സാധിക്കണം. വിവിധ ഉദാഹരണങ്ങളിലൂടെയും തെളിവുകളിലൂടെയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് അന്തസത്ത ഉൾക്കൊണ്ട് ക്ലാസുകൾ ഉയർന്ന തലങ്ങളിലേക്ക് പോകുന്നുണ്ടെന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.

പൂർവ്വ വിദ്യാർത്ഥി സംഘടനയിൽ നിന്നുള്ള പ്രതിനിധികൾ വിദ്യാലയ വികസന സമിതിയിൽ ഉണ്ടാകണം.വിവിധ വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ സാധ്യമായവ ഏറ്റെടുക്കുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ വിദഗ്ദ്ധ പിന്തുണ നൽകുന്നതിനും നൂതന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സ്പോൺസർമാരെ കണ്ടെത്തുന്നതിനും പൂർവ്വ വിദ്യാർത്ഥി സംഘടന പ്രധാന പങ്കുവഹിക്കണം. സമൂഹത്തിന്റെ വിവിധ തുറകളിൽ ഉള്ള പ്രഗത്ഭരായവരെ വിദ്യാലയവുമായി ബന്ധിപ്പിക്കുന്നതിനും പൊതു

വിദ്യാഭ്യാസ സംരക്ഷണത്തിന്റെ പ്രസക്തി ജനങ്ങളിൽ എത്തിക്കുന്നതിനും ഇത്തരം സംഘടന പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

# മോണിറ്ററിംഗ്

ഓരോ വിദ്യാലയത്തിന്റെയും അനുദിനം ഉള്ള പുരോഗതിക്ക് ഫലപ്രദമായ മോണിറ്ററിംഗ് സിസ്റ്റം ആവശ്യ ഘടകമാണ്. ഓരോ പ്രവർത്തനങ്ങളുടെയും ലക്ഷ്യങ്ങൾ ലക്ഷ്യത്തിലെത്തുന്നതിന് അവലംബിക്കുന്ന മാർഗങ്ങൾ, പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എന്നിവ കൃത്യമായി മനസ്സിലാക്കാൻ കൃത്യമായ മോണിറ്ററിംഗിലൂടെ മാത്രമേ സാധിക്കൂ. അക്കാദമിക പ്രവർത്തനങ്ങളിൽ മാത്രമല്ല വിദ്യാലയം ഏറ്റെടുത്ത് നടത്തുന്ന എല്ലാ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളും കൃത്യമായി മോണിറ്ററിംഗിന് വിധേയ മാക്കേണ്ടതുണ്ട്. മോണിറ്ററിംഗ് സംവിധാനത്തിന്റെ പ്രധാന ചുമതല വിദ്യാലയത്തിലെ പ്രധാന അധ്യാപികയിൽ നിക്ഷിപ്തമാണ്. കൃത്യമായ ഇടവേളകളിൽ അധ്യാപകരുടെ ക്ലാസ് പ്രവർത്തനങ്ങൾ പ്രധാന അധ്യാപിക നിരീക്ഷിക്കു കയും നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കി സൂക്ഷിക്കുക യും ചെയ്യുന്നു. കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ എസ്. ആർ. ജി. യിൽ ചർച്ച ചെയ്തു .കണ്ടെത്തു കയും അത് പ്രായോഗികമാക്കുകയും ചെയ്യുന്നു.

വിദ്യാലയത്തിലെ എസ് ആർ ജി യോഗങ്ങൾ ഫലപ്രദമാ ക്കുന്നതിനും പ്രധാന അധ്യാപികയുടെയും എസ്. ആർ .ജി കൺവീനറുടെയും മോണിറ്ററിംഗ് സഹായിക്കും. കൃത്യമായ

എസ് ആർ ജി മിനിറ്റ് സുകൾ സൂക്ഷിക്കുക എന്നതും ഏറെ പ്രാധാന്യം അർഹിക്കുന്നു.

വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ മോണിറ്ററിങ്ങിന് വിധേയമാക്കുന്നു. ജനാധിപത്യരീതിയിലുള്ള ചുമതല വിഭജനം നിർവഹിക്കുകയും വിദ്യാർത്ഥികൾ തന്നെ ക്ലബ്ബുകളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുന്നു. വിദ്യാലയത്തിലെ ശുചിത്വം, പ്ലാസ്റ്റിക് ജൈവമാലിന്യങ്ങളുടെ വേർതിരിച്ചുള്ള സംസ്കരണം,വ്യക്തി ശുചിത്വം എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ ഹെൽത്ത് ക്ലബ്ബിന് പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യാം. വിദ്യാലയത്തിലെ ഗതാഗത സംവിധാനം കുട്ടികൾ വരുന്ന വണ്ടികളുടെ ഫിറ്റ്നസ്, ഡ്രൈവർമാരുടെ യോഗ്യതകൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുകയും കാലാകാലങ്ങളിൽ ഡ്രൈവേഴ്സിന് ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുന്നത് നന്നായിരിക്കും.

വിദ്യാലയത്തിലെ ജൈവ വൈവിധ്യ പാർക്ക് ,പച്ചക്കറി തോട്ടം, ശലഭോദ്യാനം ഔഷധത്തോട്ട നിർമ്മാണം,അവയുടെ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട കുട്ടികൾക്കും അധ്യാപകർക്കും ചുമതല വിഭജനം നൽകാവുന്നതാണ്. കൃഷിയുടെ ഓരോ ഘട്ടത്തിലും ചുമതലയുള്ള അധ്യാപികയുടെ കൃത്യമായ മോണിറ്ററിംഗ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന്

സഹായകമാകും. ഓരോ വിദ്യാലയത്തിന്റേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തപ്പെടുന്നതിനും ജനകീയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താം. ഓരോ ഘട്ടം കഴിയുമ്പോഴും ലോവർ പ്രൈമറി ഘട്ടം, അപ്പർ പ്രൈമറി ഘട്ടം, ഹൈസ്കൂൾ ഘട്ടം ,ഹയർ സെക്കൻഡറി ഘട്ടം- വിദ്യാർത്ഥികൾ നിർദ്ദിഷ്ട കഴിവുകൾ ആർജ്ജിച്ചിരിക്കും എന്ന് ഓരോ സ്കൂളും പ്രഖ്യാപിക്കും. ഇത് ജനകീയമായി വിലയിരുത്താനുള്ള സൗകര്യങ്ങൾ ഉണ്ടാക്കും. വികസന പദ്ധതിയുടെ നിർവഹണം വിലയിരുത്താൻ മാനദണ്ഡങ്ങൾ തയ്യാറാക്കണം. സ്കൂൾ വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ വികസന സമിതി, പി ടി എ, എസ് എം സി എന്നിവയുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിക്കും. അക്കാദമിക പ്രവർത്തനങ്ങൾ സി ആർ സി തല അക്കാദമിക സമിതികൾ വിലയിരുത്തും. തദ്ദേശ സ്വയംഭരണ വിദ്യാഭ്യാസ സമിതികൾ പ്രതിമാസം കൂടി വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തണം.

ഓരോ വിദ്യാലയവും ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന വികസന പദ്ധതികൾ വിലയിരുത്തുന്നത് വിദ്യാലയവുമായി ബന്ധപ്പെട്ട സമൂഹമായിരിക്കും. കൃത്യമായി തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിപുലമായ പങ്കാളിത്തത്തോടെ സാമൂഹികമായ

പരിശോധനയ്ക്ക് വിദ്യാലയപ്രവർത്തനങ്ങൾ
വിധേയമാക്കും.

# പ്രവർത്തന പദ്ധതി
## മേഖല -അക്കാദമികം
## ഉപമേഖല - ഭാഷാശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1-4 വരെയുള്ള ക്ലാസുകളിൽ കുട്ടികൾ മലയാളം തെറ്റു കൂടാതെ വായിക്കുന്നതിനും എഴുതുന്നതിനും | പഠന നിലവാരം അളക്കാൻ പ്രീ ടെസ്റ്റ് മലയാളത്തിളക്കം പരിപാടി തുടങ്ങുന്നു<br>പരിമിതികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു വായനാമൂല ക്രമീകരണം പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ കണ്ടെത്തൽ | ജൂൺ-ജൂലായ്<br>ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ<br>പി.ടി.എ. എം.പി. ടി.എ. ഒ. എസ് എ | പി. ടി. എ, എം.പി.ടി.എ, ഒ.എസ്.എ ടീച്ചേർസ് സ്പോൺസർ ഷിപ് |

## ഉപമേഖല-ഗണിതശേഷി ആർജ്ജിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യവഹാര രൂപങ്ങൾ ആർജിക്കുന്നതിന് | വെള്ളി ബാലസഭ, ക്ലാസ് പി.ടി.എ എന്നിവയിൽ അവതരണം സാഹിത്യകാരന്മാരുടെ ക്ലാസ് മാഗസിൻ കുട്ടികളുടെ രചനകൾ, മികവ് പ്രദർശനം | ആഗസ്റ്റ് - മാർച്ച് | HM, Teachers | |
| ഗണിതവുമായി ബന്ധപ്പെട്ട ശേഷികൾ ആർജിക്കുന്നതിന് | ഗണിത കിറ്റ് തയ്യാറാക്കൽ സാമഗ്രികൾ വാങ്ങൽ ക്ലാസ്. പി ടി എ യിൽ ഗണിതവുമായി ബന്ധപ്പെട്ട് ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് അവതരിപ്പിച്ച് ശേഖരിക്കൽ ഗണിത ശില്പശാല ഗണിത പ്രദർശനം ഗണിത കളികൾ പസിൽ പരിചയപ്പെടുത്തൽ | ജൂൺ - ഒക്ടോബർ<br>ആഗസ്റ്റ്<br>ജനുവരി മാർച്ച് ഡിസംബർ മാർച്ച് | HM, SRG കൺവീനർ Class PTA Members Class Teachers | SSA Fund<br>OSA Fund Sponsorship |

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനിലവാരം കണ്ടെത്തൽ പരിമിതികൾ മറികടക്കാനുള്ള പാക്കേജ് ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷിൽ സ്റ്റോറി, റൈം, ന്യൂസ്, ഡിസ്ക്രിപ്ഷൻ ഇംഗ്ലീഷ് - ക്ലാസ് ലൈബ്രറി, വായന സാമഗ്രി , പത്രം, പതിപ്പ്, മാഗസിൻ, ഇംഗ്ലീഷ് ഡേ, ബാലസഭ, ക്ലാസ്, പി ടി എ എന്നിവയിൽ അവതരണം | ക്ലാസ് ടീച്ചേഴ്സ്<br><br>ഓഗസ്റ്റ് 15 നു മുമ്പ്<br><br>HM, All teachers | ജൂൺ ഓഗസ്റ്റ് 15 നു മുമ്പ് ആഴ്ചയിൽ ഒന്ന് ദിവസം ഒന്ന് ഒക്ടോബർ മുതൽ ജനുവരി മാസത്തിൽ ഒരിക്കൽ Monthly | PTA Fund SSA Fund Sponsorship |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താൻ പൊതുജന പങ്കാളിത്തം ഉറപ്പാക്കൽ<br><br>SRG യുടെ നിലവാരം ഉയർത്തുന്നതിന്<br><br>പ്രകൃതി സ്നേഹം, കാർഷിക സംസ്കാരം, അധ്വാനശീലം എന്നിവ വളർത്തുന്നതിന് | ഒഎസ്എ, സ്ഥലത്തെ പ്രമുഖർ ജനപ്രതിനിധികൾ റിട്ടയേർഡ് ടീച്ചേർസ്, PTA , MPTA യോഗം ചേരൽ പഠനനിലവാരം ചർച്ച ചെയ്യൽ<br><br>SRG യിൽ അധ്യാപകർ പ്രവർത്തനങ്ങളെ വിലയിരുത്തുന്നു. കൂടുതൽ മികവിനായി പൊതുജനങ്ങളിൽ നിന്ന് ആരുടെ സഹായം സ്വീകരിക്കാമെന്ന് കണ്ടെത്തുന്നു<br><br>കൃഷി ആരംഭിക്കുന്നതിനു കൃഷിഭവന്റെ സഹായം തേടുന്നു വിവിധ ക്ലാസ്സുകാരെ തോട്ടങ്ങൾ ഏല്പിക്കുന്നു | ജൂൺ<br><br>ജൂൺ - മാർച്ച്<br><br>ജൂൺ - മാർച്ച് | HM, PTA President, MPTA President, OSA president<br><br>HM, Class Teachers<br><br>HM, PTA, Class PTA | |

# ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുന്നു. | പ്രവേശനോത്സവം - നവാഗതരെ സ്വീകരിക്കുന്നു. | ജൂൺ 1 | | |
| വിവിധ മേഖലയിലുള്ളവരെ പരിചയപ്പെടുന്നു, അറിവ് വർധിപ്പിക്കുന്നു | പരിസ്ഥിതി ദിനാഘോഷം പോസ്റ്റർ റാലി, പ്ലാസ്റ്റിക് നിർമാർജനം, സ്കിറ്റ്, | ജൂൺ 5 | | |
| വിവിധ ദിനാചരണങ്ങളുടെ സമുചിതമായ ആചരണം | വായനാദിനം റാലി, ക്വിസ്, വായന മല്സരം, ദൃശ്യവിഷ്കാരം | ജൂൺ 19 | | |
| പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമുള്ളവരുടെ നിലവാരം ഉയർത്തുന്നതിന് | ചാന്ദ്ര ദിനം, റോക്കറ്റ് നിർമാണം, ആക്ഷൻ സോങ്ങ് | ജൂൺ 21 | | |
| | സ്വാതന്ത്ര്യ ദിനം റാലി, പ്രസംഗം, ദേശഭക്തി ഗാനം, പതാക നിർമ്മാണം | ഓഗസ്റ്റ് 15 | | |
| | ചിങ്ങം 1 കർഷക ദിനം പ്രച്ഛന്നവേഷം, കർഷകനെ ആദരിക്കൽ | ഓഗസ്റ്റ് 17 | | |
| | ഓണം സദ്യ, മാവേലി, ഓണപ്പാട്ട്, ഓണക്കളികൾ, പൂക്കളം, | സെപ്റ്റംബർ | | |
| | അധ്യാപക ദിനം - അധ്യാപകരെ ആദരിക്കൽ | സെപ്റ്റംബർ | | |
| | ഗാന്ധിജയന്തി സേവനവാരം ശുചീകരിക്കണ പ്രവർത്തനങ്ങൾ പ്രവർത്തി പരിചയം മേളകളിൽ പങ്കെടുക്കൽ കലാമേളയിൽ പങ്കെടുക്കൽ | ഒക്ടോബർ 2 | | |
| | ശിശു ദിനം | നവംബർ 14 | | |
| | ക്രിസ്തുമസ് ആഘോഷം, കേക്ക് മുറിക്കൽ, സമ്മാനം നൽകൽ, കേക്ക് നിർമാണ മത്സരം | ഡിസംബർ 25 | | |

| | | | | |
|---|---|---|---|---|
| | റിപ്പബ്ലിക്ക് ദിനം പതാക ഉയർത്തൽ ഭിന്നശേഷിക്കാരെ കണ്ടെത്തുന്നു അവരുടെ പ്രശനം വിശകലനം ചെയ്യാനായി യോഗം വിളിക്കുന്നു. സഹായങ്ങൾക്കായി എസ്.എസ്.എ, ഗവണ്മെന്റ് എന്നിവരെ സമീപിക്കുന്നു. അവർക്കുള്ള പഠന പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. | ജനുവരി 26 | | |

**മേഖല – ഭൗതികം**

**<u>ഉപമേഖല - മൾട്ടിമീഡിയ ക്ലാസ് റൂം</u>**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യയിലൂടെ കാര്യക്ഷമമായ വിനിയോഗത്തിലൂടെ വൈജ്ഞാനിക മേഖലയുടെ വികസനം സാധ്യമാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇൻറർനെറ്റ് സിഡി എന്നിവയിലൂടെ ശേഖരിക്കുന്നു. ക്ലാസ് റൂമുകളിൽ കുട്ടികൾക്ക് കാണിച്ചു കൊടുത്തുകൊണ്ട് പ്രവർത്തനങ്ങൾ മുന്നോട്ടു നയിക്കുന്നു കുട്ടികൾക്ക് ചെയ്യാൻ അവസരം നൽകുന്നു | June – March | | |
| പി ടി എ ശാക്തീകരണം വിദ്യാലയ വികസനം ഓരോ ക്ലാസിലും വിവിധ വിഷയങ്ങളിൽ ലക്ഷ്യമിട്ടിരിക്കുന്ന പ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കുന്നുണ്ടോ എന്ന് അറിയുന്നതിന് | പി.ടി.എ യുടെ നേതൃത്വത്തിൽ രക്ഷാകർതൃ ദിനാചരണങ്ങൾ മനോഹരമാക്കുന്നു. മാസംതോറും മീറ്റിംഗ് കൂടുന്നു. പി.ടി.എ ജനറൽബോഡി ഫീൽഡ് ട്രിപ്പ് ബാലസഭയിൽ പി ടി എ യുടെ സഹായം ഉറപ്പാക്കുന്നു. രക്ഷകർത്താ ദിനം ആചരിക്കുന്നു. | June – March<br>June – March<br>3 times in a year<br>June – March | | SSA |
| | നിരന്തര മൂല്യനിർണയ പ്രവർത്തനങ്ങൾ ടേം മൂല്യനിർണയ പ്രവർത്തനങ്ങൾ ഗ്രേഡ് നൽകുന്നു ആവശ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ നൽകുന്നു. | | | |

# വിഷയം - മലയാളം

**മേഖല** - വായന പരിപോഷണം

**ടാർജറ്റ് ഗ്രൂപ്പ്** - ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി

## അവസ്ഥാവിശകലനം

- എൽ പി വിഭാഗം കുട്ടികൾക്ക് ആശയഗ്രഹണത്തോടെ വായിക്കുന്നതിനുള്ള നൈപുണ്യ കുറവ്
- 40% കുട്ടികൾക്ക് കഴിവുണ്ടെങ്കിലും മുഖ്യധാരയിലേക്ക് വരുന്നതിനുള്ള ആത്മവിശ്വാസക്കുറവ്
- 30% കുട്ടികൾക്ക് വായനയിൽ നൈപുണ്യമുണ്ട്

## പ്രതീക്ഷിത നേട്ടങ്ങൾ

- അക്ഷരങ്ങൾ പദങ്ങൾ എന്നിവ ഉപയോഗിച്ച് വിവിധ ഭാഷാ കേളികളിൽ ഏർപ്പെടുന്നതിന്
- സൂക്ഷ്മ പേശീ നിയന്ത്രണങ്ങൾക്കുതകുന്ന രസകരമായ പവർത്തനങ്ങളിലൂടെ അക്ഷരങ്ങളുടെ ആ ലേഖനക്രമം പരിചയപ്പെടുത്തുന്നതിന്
- വായിച്ചു കേട്ട പാഠഭാഗങ്ങളിലെ പദങ്ങൾ വാക്യങ്ങൾ എന്നിവ കണ്ടെത്തി പറയൽ
- കടംകഥകൾ കഥകൾ, സംഭവങ്ങൾ എന്നിവ തന്റേതായ ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു
- ഉച്ചാരണശുദ്ധി,ഒഴുക്ക് ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ നയിക്കുന്നു.
- പാഠഭാഗം വായിച്ച് ആശയം ഗ്രഹിക്കുന്നതിന്
- ഗ്രഹിച്ച ആശയങ്ങൾ തന്റേതായ രീതിയിൽ പ്രകടിപ്പിക്കുന്നത് സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവഹണ കാലം | റിമാർക്സ് |
|---|---|---|---|---|
| 1 | വാക്കുകളുണ്ടാക്കി എഴുതാം | അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വാക്കുകൾ നിർമിക്കുന്നു<br>മ ല<br>ന ഴ ത<br>ല<br>ര രം | ഒരു ആഴ്ച്ച | |
| 2 | മാല കോർക്കാം | അദ്ധ്യാപിക ഒരു വാക്ക് പറയുന്നു. ആ വാക്കിന്റെ അവസാന അക്ഷരംഉപയോഗിച്ച് പുതിയ വാക്കുകൾ കണ്ടെത്തി പദമാല പൂർത്തിയാക്കുന്നു. | ഒരു ആഴ്ച്ച | |
| 3 | സചിത്ര പുസ്തകം | ഒന്ന് രണ്ട് ക്ലാസ്സുകളിലെ പാഠഭാഗത്തെ ആശയം കുട്ടികളിലെത്തിക്കുന്നതിനായി സചിത്ര പുസ്തകം പ്രയോജനപ്പെടുത്തുന്നു. | ഒരു വർഷം | |
| 4 | ആഭരണമണിയിക്കാം | അദ്ധ്യാപിക അക്ഷരങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. അനുയോജ്യമായ ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മിക്കുന്നു. | ഒരു ആഴ്ച്ച | |

| | | | | |
|---|---|---|---|---|
| 5 | സംയുക്ത ഡയറി | അനുദിന പ്രവർത്തനങ്ങൾ ഡയറി രൂപത്തിൽ മാതാപിതാക്കളുടെ സഹായ ത്തോടെ ആശയം വാക്യ ങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും അവതരിപ്പിക്കുന്നു | ഒരു വർഷം | |
| 6 | പദങ്ങൾ കണ്ടെത്താം | പാഠഭാഗം വായിച്ച് അദ്ധ്യാപിക നൽകുന്ന അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന 10 പദങ്ങൾ കണ്ടെത്തുന്നു | | |
| 7 | കുട്ടയിൽ നിറക്കാം | അദ്ധ്യാപിക ഒരു വാക്ക് നൽകുന്നു. അത് ഉപയോഗിച്ചുള്ള വാക്യങ്ങൾ നിർമ്മിച്ച് കുട്ടയിൽ നിറക്കുന്നു. | | |
| 8 | വായിക്കാം കണ്ടെത്താം | കഥ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. കഥ വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി പറയുന്നു. | | |
| 9 | കഥാകഥനം | ഐ സി ടി സാധ്യതയോടെ സഹായത്താൽ കഥ അവതരിപ്പിക്കുന്നു. തുടർന്ന് ആ കഥ പറയാൻ അവസരം നൽകുന്നു. | 2 ആഴ്ച്ച | |
| 10 | ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം | കവിത ആശയഗ്രഹണത്തോടെ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | | |
| 11 | കുറിപ്പ് തയ്യാറാക്കാം | ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായന കുറിപ്പ് തയ്യാറാക്കുന്നു. | | |

## വിഷയം - ഗണിതം

**ടാർജറ്റ് ഗ്രൂപ്പ്** - ഒന്ന് മുതൽ നാലു വരെയുള്ള കുട്ടികൾ

**സമയം** - ഒന്ന് മുതൽ രണ്ടു മാസം വരെ

## അവസ്ഥ വിശകലനം

% പേരും ചതുഷ്ക്രിയകൾ ചെയ്യാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്

## പ്രതീക്ഷിതനേട്ടങ്ങൾ

ലളിതമായ രീതിയിൽ ചതുഷ്ക്രിയകൾ നിർദ്ധാരണം ചെയ്യുന്നതിന്

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവഹണ കാലം |
|---|---|---|---|
| 1 | ചർച്ച | എസ് ആർ ജി ക്ലാസ്സ് പി ടി എ | |
| 2 | ശേഖരണം | ഗണിത കിറ്റിലേക്ക് ആവശ്യമായ വസ്തുക്കളുടെ ശേഖരണം.മഞ്ചാടി, മുത്ത്,കല്ല്,ഈർക്കിൽ,നമ്പർ കാർഡ്,അബാക്കസ്,എണ്ണം എഴുതിയ ചാർട്ട്,ഗുണനപ്പട്ടിക | ഒരു മാസം |
| 3 | നിർമ്മാണം | ചിത്ര പാട്ടുകൾ, എണ്ണൽ പാട്ടുകൾ, ഗുണനപ്പട്ടിക,ക്ലോക്ക്,ഗണിത മാഗസിൻ, ചതുഷ്ക്രിയ മാതൃകകൾ പതിപ്പ് | ഒരു മാസം |

| | | | |
|---|---|---|---|
| 4 | അവതരണം | അസ്സംബ്ലിയിൽ അവതരണം പ്രശ്നോത്തരി പാട്ടുകൾ, മനക്കണക്കുകളുടെ അവതരണം, ഗണിതവുമായി ബന്ധപ്പെട്ട സംഭവങ്ങൾ,നിർമ്മാണ ഉൽപ്പന്നങ്ങളുടെ പ്രദർശനം. | ഒരു മാസം |
| 5 | നിരീക്ഷണഗണിതം | പ്രകൃതി നിരീക്ഷണം നടത്തി എണ്ണം, കൂട്ടം,രൂപം ആകൃതി എന്നിവ കണ്ടെത്തുന്നു. | ഒരു മാസം |

**വിഷയം -** പരിസര പഠനം

**മേഖല -**സസ്യ ലോകത്തിലേക്ക്

**ടാർജറ്റ് ഗ്രൂപ്പ് -**ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾ

**സമയം -**ഒക്ടോബർ നാലാം ആഴ്ച മുതൽ ജനുവരി അവസാനം വരെ

## അവസ്ഥാ വിശകലനം

- ഇന്നത്തെ ജീവിത സാഹചര്യവും ആയി ബന്ധപ്പെട്ട പ്രകൃതിയെ അറിയാനുള്ള അവസരമില്ലായ്മ,
- 50 ശതമാനത്തോളം കുട്ടികൾക്ക് പ്രകൃതിയെ അറിയാനുള്ള അവസരം ഉണ്ടെങ്കിലും ആഴത്തിലുള്ള അറിവില്ല.
- പദ്ധതി അനുസരിച്ച് 3,4 ക്ലാസുകളിലെ 30 ശതമാനത്തോളം കുട്ടികൾക്കും സസ്യങ്ങളെക്കുറിച്ചും അവയുടെ സവിശേഷതകളെ കുറിച്ചും വ്യക്തമായധാരണയുണ്ട്.

## പ്രതീക്ഷിത നേട്ടങ്ങൾ

- പരിസ്ഥിതിയുമായി ഇണങ്ങി നിരീക്ഷണത്തിലൂടെ സസ്യങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയുന്നു.
- സസ്യങ്ങളെ പൂക്കൾ ഉണ്ടാകുന്നവ,ഫലങ്ങൾ ലഭിക്കുന്നവ, ഭക്ഷണത്തിന് ഉപയോഗിക്കുന്നവ, അല്ലാത്തവ, ഔഷധസസ്യങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മനസ്സിലാക്കുന്നു.
- വിദ്യാലയ പരിസരത്തും വീട്ടുമുറ്റത്തും സസ്യങ്ങളെ നട്ടുവളർത്തി പരിപാലിക്കുന്നതിനുള്ള താല്പര്യം വളർത്തുന്നു.
- സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ, അവയുടെ പ്രത്യേകതകൾ എന്നിവ ചരിചയപ്പെടുന്നു.
- സസ്യങ്ങളുടെ ഇല,വേര്, തണ്ട് എന്നിവയുടെ പ്രത്യേകതകൾ, ഏക ബീജ പത്ര സസ്യങ്ങൾ, ദ്വിബീജപത്ര സസ്യങ്ങൾ ഇവയെ തിരിച്ചറിഞ്ഞ് പരിചയപ്പെടുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം |
|---|---|---|---|
| 1 | നിരീക്ഷണം | പൂന്തോട്ട സന്ദർശനം, നിരീക്ഷിച്ച കാര്യങ്ങൾ ചർച്ചചെയ്യുന്നു. പൂക്കളുടെ പേരുകൾ പറയുന്നു, മേനി പറച്ചിൽ നിറം നൽകുന്നു.സസ്യങ്ങളുടെ പ്രയോജനങ്ങൾ പറയുന്നു | ഒക്ടോബർ നാലാമത്തെ ആഴ്ച, നവംബർ ആദ്യത്തെ ആഴ്ച വരെ |
| 2 | വർഗീകരണം | മണം, നിറം, കുലയായുണ്ടാകുന്നവ, അല്ലാത്തവ, ഇതളുകളുടെ എണ്ണം എന്നിങ്ങനെ വർഗീകരിക്കുന്നു | നവംബർ രണ്ടാമത്തെ ആഴ്ച |
| 3 | താരതമ്യം, ഇല നിരീക്ഷണം | വിവിധ സസ്യങ്ങളുടെ ഇലകൾ ശേഖരിച്ച് വലിപ്പം ആകൃതി സിരാവിന്യാസം എന്നിവ താരതമ്യം ചെയ്ത് ഇലകളെ തരംതിരിക്കുന്നു | നവംബർ 3, 4 ആഴ്ചകൾ |

| | | | |
|---|---|---|---|
| 4 | വേരുകൾ സവിശേഷതകൾ | സസ്യങ്ങളുടെ വേരുകൾ ശേഖരിച്ച് നാരു വേര് പടലം, തായ് വേരുപടലം എന്നിങ്ങനെ തരംതിരിക്കുന്നു | ഡിസംബർ ആദ്യവാരം |
| 5 | ഏകബീജ ദ്വിബീജ പത്ര സസ്യങ്ങൾ | ഏതാനും സുപരിചിതമായ ചെടികളുടെ വിത്തുകൾ ശേഖരിച്ച് ചെടികൾ മുളപ്പിച്ച് ഏകബീജപത്ര സസ്യങ്ങൾ,ദ്വിബീജ പത്ര സസ്യങ്ങൾ എന്നിങ്ങനെ തരംതിരിക്കുന്നു | ഡിസംബർ ഒന്നും രണ്ടും ആഴ്ചകൾ |
| 6 | ഔഷധസസ്യങ്ങളെ അറിയാം | ഔഷധത്തോട്ടങ്ങൾ സന്ദർശിച്ച് ഔഷധ ചെടികളുടെ പേര് കണ്ടെത്തുന്നു.ഉപയോഗങ്ങൾ അറിയുന്നു. | |
| 7 | ഭക്ഷിക്കാം ഭക്ഷിക്കാം | തിന്നാം തിന്നാം എന്ന കളിയിലൂടെ ആഹാരത്തിന് ഉപയോഗിക്കുന്നവ, അല്ലാത്തവ എന്നിങ്ങനെ തിരിച്ചറിയുന്നു. പട്ടികപ്പെടുത്തുന്നു.ഫലവൃക്ഷത്തോട്ടംഎന്നിവ നട്ടുവളർത്തി പരിപാലിക്കുന്നു. | ജനുവരി ഒന്നാം വാരം |
| 8 | ഇല പ്രദർശനം | സസ്യങ്ങളുടെ ഇലകൾ ക്ലാസിൽ ശേഖരിച്ച് വയ്ക്കുന്നു. ഇലകൾ നിരീക്ഷിച്ച് ചെടികളുടെ പേര് പറയിക്കുന്നു. | |
| 9 | ഹരിത സസ്യങ്ങളും അല്ലാത്തവയും | ഹരിതകം ഇല്ലാത്ത സസ്യങ്ങളെക്കുറിച്ച് ചർച്ചചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തുന്നു. പരീക്ഷണം- മഷിത്തണ്ട് ചെടി | ജനുവരി മൂന്നും നാലും ആഴ്ചകൾ |
| 10 | സസ്യങ്ങൾ ജീവന്റെ ഉറവിടം | സസ്യങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ പട്ടികപ്പെടുത്തുന്നു ജന്തുക്കൾ, സസ്യങ്ങൾ പരസ്പരം ആശ്രയിക്കുന്നു. എങ്ങനെയെന്ന് ചർച്ച ചെയ്യുന്നു.സസ്യങ്ങൾ പരസ്പരം ആശ്രയിക്കുന്നത് നിരീക്ഷിക്കുന്നു. | |

## ഇംഗ്ലീഷ്

**പ്രവർത്തനം : 1**
**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം : 2**
**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ)**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

| പ്രവർത്തനം : 3<br>പേര് : Work Sheet Work Shop<br>ഉപമേഖല : അധ്യാപക ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ് ആർ ജി | 4000 |

## ഗണിതം

| പ്രവർത്തനം : 1<br>പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല<br>ഉപമേഖല : വർക് ഷീറ്റ് തയ്യാറാക്കൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റുകളിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

| പ്രവർത്തനം : 2<br>പേര് : ഗണിതമൂല<br>ഉപമേഖല : ഗണിത കേളികൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസ്സിലും ഗണിതമൂല ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

| പ്രവർത്തനം : 3<br>പേര് : യൂണിറ്റ് വിലയിരുത്തൽ<br>ഉപമേഖല : യൂണിറ്റ് ടെസ്റ്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

## സാമൂഹികഅവബോധം

| പ്രവർത്തനം : 1<br>പേര് : അതിഥിയെ അറിയൽ<br>ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

| പ്രവർത്തനം : 2<br>പേര് : ഫീൽഡ് ട്രിപ്പ്<br>ഉപമേഖല : പൊതു സ്ഥാപനങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി, മുതലായവയിലേക്കു ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

## പ്രവർത്തി പരിചയം

| പ്രവർത്തനം : 1<br>പേര് : പ്രവർത്തി പരിചയ ശില്പശാല<br>ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവർത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മാണം: ചന്ദനത്തിരി, പാവ, ചോക്ക് etc | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

| പ്രവർത്തനം : 2<br>പേര് : ഒറിഗാമി<br>ഉപമേഖല : കരകൗശല പരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇതര വിഷയവുമായി പഠനവുമായി പ്രവർത്തി പരിചായാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ കുട്ടികൾക്ക് പരിശീലനം നല്കാൻ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | 2000 |

# സർഗ്ഗവേദി

പ്രവർത്തനം : 1
പേര് : സർഗ്ഗവേദി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗവേദി നടത്തൽ<br>നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT<br>SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ്, മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ ആഴ്ചയിലും | SRG<br>PTA | 3000 |

# ആരോഗ്യ - കായിക – വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : കായികാരോഗ്യം
ഉപമേഖല : എയ്റോബിക്സ് എക്സെർസൈസ്, ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുടബോൾ കോച്ചിങ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം, ബാഡ്മിന്റൺ, അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യഭ്യാസത്തിന് എല്ലാ കുട്ടികളാക്കും അവസരം | PT പിരേയ്ഡിൽ എക്സെർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

## വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2
പേര് : I T ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കംപ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

## പരിസര പഠനം

പ്രവർത്തനം : 1
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്ര അവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയാറാക്കൽ | മാർച്ച്<br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# മലയാളം/പഠനപിന്നാക്കാവസ്ഥ

പ്രവർത്തനം : 1
പേര് : പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകത്തിൽ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണം പ്രദർശിപ്പിക്കുന്നു. | മാസത്തിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

പ്രവർത്തനം : 3
പേര് : ഉച്ചഭാഷിണി വായന
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥ പൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായന കോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു. | മാസത്തിൽ ഒരു ദിവസം | സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |

| പ്രവർത്തനം : 5<br>പേര് : സ്കൂൾ ലൈബ്രറി<br>ഉപമേഖല : വായന | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപിലീകരിച്ചു ലൈബ്രറി സജ്ജമാക്കാൻ സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി. ടി. എ. പ്രാദേശിക ക്ലബ്ബുകൾ | 5000 |

| പ്രവർത്തനം : 6<br>പേര് : ക്ലാസ്തല കൈയെഴുത്ത് മാഗസിൻ<br>ഉപമേഖല : ലേഖനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലും പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ്തല കൈയെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

| പ്രവർത്തനം : 7<br>പേര് : എന്റെ വായന കുറിപ്പുകൾ<br>ഉപമേഖല : ലേഖനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ലേഖനം എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായനാകാർഡ്) വായനകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

| പ്രവർത്തനം : 8<br>പേര് :ആശയാവതരണ രീതിയിലൂടെ സചിത്രപാഠങ്ങൾ രൂപീകരിയ്ക്കുക<br>ഉപമേഖല :ആശയഗ്രഹണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | നിഷാന, ഖൈറുന്നിസ, സ്വാലിഹ, ആനന്ദൻ | 3000 |

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാഠം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി      ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന,  നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം   സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട്  കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കണ്ടെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർക്കുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി ഇല്ലും കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ
- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ
- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടം എന്നിവ തിരിച്ചറിയുന്നു.

# ക്ലാസ് തല

STD –II D

# അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക സ്രോതസുകൾ |
|---|---|---|---|---|
| **ജൂൺ**<br>തന്നിരിക്കുന്ന വായന സാമഗ്രി ഉപയോഗിച്ച് ആശയം ഗ്രഹിക്കുന്നതിനും ഭാഷണത്തിലേർപ്പെടുന്നതിനും പരിസ്ഥിതി ദിനം വായനദിനം | ❖ ചിത്രക്കാർഡുകൾ നൽകൽ, ചിത്രവും പദവും താരതമ്യം ചെയ്ത് ഭാഷണത്തിൽ ഏർപ്പെടുന്നു.<br>❖ വായന സാമഗ്രികൾ നിർമ്മിക്കുന്നു.<br>❖ വായനയും, എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ , പ്ലക്കാർഡ് നിർമാണം, റീഡേഴ്സ് തിയ്യറ്ററിലൂടെ മികച്ച വായനക്കാരെ കണ്ടെത്തൽ | June | അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക സ്രോതസുകൾ |
|---|---|---|---|---|
| **ജൂലൈ**<br>സർഗാത്മകതയെ തട്ടിയുണർത്തുന്നു. ഉചിതമായ വ്യവ ഹാരരൂപങ്ങളിൽ ലേഖന മികവ് ചാന്ദ്രദാനം | ❖ ക്ലാസ്സ് ലൈബ്രറി കാര്യക്ഷമമാക്കൽ.<br>❖ വീട്ടിലൊരു ലൈബ്രറി<br>❖ ചിത്ര വിവരണം<br>❖ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ പരിചയപ്പെ ടുന്നു. (കഥപാട്ട്) ചന്ദ്രനുമായി ബന്ധ പ്പെട്ട കവിത ശേഖരി ക്കുന്നു. | July to March | അധ്യാപകർ<br>രക്ഷിതാ ക്കൾ | |
| **ഓഗസ്റ്റ്**<br>സ്വാതന്ത്ര്യദിനാ ഘോഷത്തിന്റെ പ്രാധാന്യം തിരിച്ചറി യുന്നു. | ❖ ദേശീയ പതാക നിർമ്മാണം, വിവ രണം തയ്യാറാക്കൽ<br>❖ ദേശീയ നേതാക്ക ന്മാരെ പരിചയപ്പെടൽ<br>❖ കുറിപ്പ് തയ്യാറാക്കൽ<br>❖ ഡയറിക്കുറിപ്പ് തയ്യാ റാക്കുന്നു. | | | |
| തന്നിരിക്കുന്ന കഥ, കവിത സ്വന്തമായി വായിച്ച് ആശയം ഗ്രഹിച്ച് ചോദ്യ ങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. | പാഠഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തു ന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക സ്രോതസുകൾ |
|---|---|---|---|---|
| തുള്ളൽപാട്ടുകൾ കേട്ടും പാടിയും ആസ്വാദിക്കുന്നു.<br>ഭാഷാപ്രയോഗ ങ്ങൾ തിരിച്ചറിയു ന്നു.<br>സന്ദർഭോചിതമായി വാക്യങ്ങൾ എഴുതി സംഭാഷണം പൂർത്തിയാക്കുന്നു.<br>ലഘുവിവരണം, കുറിപ്പുകൾ തയ്യാ റാക്കൽ | തുള്ളൽ പാട്ടുകൾ വീഡിയോ കാണിക്കുന്നു.<br>പാഠഭാഗത്തെ ഭാഷാ പ്രയോഗങ്ങൾ കണ്ടെത്തു ന്നു.<br>ഡോക്ടറും കുഞ്ഞു മോളും തമ്മിലുള്ള സംഭാ ഷണം<br>ഗ്രാമത്തിലെ കാഴ്ച്ചകൾ പട്ടണത്തിലെ കാഴ്ച്ചകൾ കുറിപ്പ് തയ്യാറാക്കുന്നു. | | | |

## Maths STD II

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക സ്രോതസുകൾ |
|---|---|---|---|---|
| **ജൂൺ**<br>ആകൃതി, വലുപ്പം എന്നിവയിൽ വ്യത്യസ്ത പുലർത്തുന്ന വിവിധ രൂപങ്ങൾ ഉണ്ട്. | പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>ചുറ്റുമുള്ള രൂപങ്ങൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.<br>വ്യത്യസ്ത രൂപങ്ങൾ ചേർത്ത് വിവിധരൂപങ്ങൾ നിർമിക്കുന്നു. | June to March | അധ്യാപകർ | |
| **ജൂലൈ** | സംഖ്യാബോധം ക്രമത്തിലെഴുതുലെഴുതുന്ന പത്തുകൾ ഒന്നുകൾ പരിചയപ്പെടുന്നു | July | | |
| **ആഗസ്റ്റ്**<br>ഗണിത ചിന്താശേഷി വളർത്തൽ | 100 എന്ന ആശയം ഉറപ്പിക്കുന്നു. 100 നുമപ്പുറത്ത് 100 ഉം 10 ഉം 100 ഉം 20 ഉം 100+80 =180 മൂന്നക്ക സംഖ്യകൾ പരിചയപ്പെടുന്നു മൂന്നക്ക സംഖ്യകൾ നിർമ്മിക്കുന്നു. | August | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക സ്രോതസുകൾ |
|---|---|---|---|---|
| **സെപ്റ്റംബർ**<br>❖ നോട്ടുകളും, നാണയങ്ങളും തിരിച്ചറിയൽ; കൂട്ടിചേർത്ത് സംഖ്യ രൂപീകരിക്കൽ<br>❖ ഗണിത കിറ്റിലെ കളി നോട്ടുകൾ നൽകി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br><br>**ഒക്ടോബർ**<br>രണ്ടോ അതിലധികമോ കൂട്ടങ്ങളെ കൂട്ടിച്ചേർക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു. | ❖ നാണയമാറ്റം<br>❖ ആദായവിൽപ്പന ക്ലാസ്സിൽ സജ്ജമാക്കുന്നു.<br><br>സംഖ്യാമാലയിൽ മണികൾ ഉപയോഗിച്ച് സങ്കലനക്രിയ ചെയ്യുന്നു. | | | |

ENGLISH STD II

| Aim | Activity | Duration | Source | Support |
|---|---|---|---|---|
| **June**<br>To speak and read English fluently | Games, action songs conversations, skit<br>Stories<br>Self introduction picture reading | June | Student | |
| **July**<br>To read and write English | News paper reading find words, rhyming words.<br>Make word web. | June to March | Teacher | |
| **August**<br>To speak read and write without any mistake | Collect and read past tense.<br>Text book activities<br>Picture description conversation | August | Teacher | |

| അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3<br>ENGLISH | | | | |
|---|---|---|---|---|
| **AIMS** | **ACTIVITIES** | **DURATION** | **CHARGE** | **ECONOMIC SOURCE** |
| To study alphabets | PRE-TEST<br>Write simple words | June-July | Teacher, Students | PTA |
| To study, write and read simple words | Circle the word from TB and read | August – September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communications should be in English, Like May I drink some water? May I go to bathroom?<br>• Hello<br>• Hello, everyone<br>• Good morning<br>• Good morning everyone<br>• Good morning class<br>• How are you<br>• How are you all<br>• How are you today<br>• Let me take attendance etc | Academic year | Teacher, Students | Nil |

| അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3<br>മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| വായന<br><br>മലയാളം തെറ്റു കൂടാതെയും അക്ഷരസ്ഫുടതയോടും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ ജൂലൈ | അധ്യാപകൻ | സി പി ടി എ |
| ലേഖനം<br><br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br><br>അക്ഷരം തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്താനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br><br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br><br>ജൂൺ 19 വായനാദിനം<br><br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം<br><br>ഓഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br><br>ജൂൺ<br><br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം<br>സെപ്റ്റംബർ 5 അദ്ധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി ദിനം പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മ പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

| അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3<br>പരിസരപഠനം<br>മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരം തിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ - ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി പഠനം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ചു ഹരിതകർമ സേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമ സേന - പി ടി എ | പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കാൻ | സെപ്റ്റംബർ - ക്ടോബർ | ജെ ആർ സി യൂണിറ്റ് അധ്യാപകൻ, കുട്ടികൾ | ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്: മൂന്ന് വിഷയം: ഗണിതം

ലക്ഷ്യം: 1

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>• സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം.<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ - സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. |

ലക്ഷ്യം: 2

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>• കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | 2 ആഴ്ച്ച | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - സെപ്റ്റംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

## ലക്ഷ്യം: 3

## മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ | സമയ ചക്രം<br>• ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു. (am / pm)<br>• സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു |
| 1 | സെപ്റ്റംബർ - ഫെബ്രുവരി | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>• കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>• ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>• ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>• കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>• സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>• ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>• പ്രയാസങ്ങൾ ഗ്രൂപ്പിൽ / അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. |

ലക്ഷ്യം: 4

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>• അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 3 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡികണ്ടെത്താം<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. |
| 1 | ജൂലൈ - മാർച്ച് | സംഖ്യാ ചക്രം<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു<br>• അവ തമ്മിലുള്ള സങ്കലനം. വ്യവകലനം, ഗുണനം, ഹരണം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ശേഖരിക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കൽ. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | II-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

# ഉപസംഹാരം

ഞങ്ങളുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് വരും വർഷങ്ങളിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങളുടെ ദീർഘവീക്ഷണത്തോടെയുള്ള ഒരു രൂപരേഖയാണ് ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.ഈ വിദ്യാലയത്തിലെ പ്രധാന അധ്യാപികയുടെയും മറ്റ് അധ്യാപകരുടെയും സമൂഹത്തിന്റെയും കൂട്ടായ പ്രവർത്തനം വഴി ഇതിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ പൂർണ്ണതയിൽ എത്തിക്കാൻ കഴിയും എന്ന് ശുഭപ്രതീക്ഷയോടെ ഞങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.